" ഭരണഭാഷ മാതൃഭാഷ "

**എക്സൈസ് കമ്മീഷണറുടെ നടപടിക്രമം, കേരളം, തിരുവനന്തപുരം.**
**(സാന്നിദ്ധ്യം - ആനന്ദകൃഷ്ണൻ, ഐ.പി.എസ്)**

വിഷയം - എക്സൈസ് വകുപ്പ്- എക്സൈസ് ഭരണപരം -എക്സൈസ് ഇൻസ്പെക്ടർമാരുടെ 02.01.2011 മുതൽ 31.12.2020 വരെയുള്ള കാലയളവിലെ സീനിയോരിറ്റി ലിസ്റ്റ് അന്തിമമായി പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം - 1) ഉത്തരവ് നമ്പർ എക്സ് ഡി 3/39807/2017 (2) തീയതി 18.09.2018.
2) ഉത്തരവ് നമ്പർ എക്സ് ഡി 3/302256/2021 തീയതി 20.10.2021.

**ഉത്തരവ് നമ്പർ എക്സ് ഡി 3/302256/2021 തീയതി: 03.09.2022**

എക്സൈസ് ഇൻസ്പെക്ടർമാരുടെ 02.01.2011 മുതൽ 31.12.2020 വരെയുള്ള കാലയളവിലെ പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റ് പരമാർശം 2 പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ടി പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിൽ വകുപ്പുതല പരീക്ഷകൾ, സർവ്വീസിൽ പ്രവേശിച്ച വിവരം, ജനനതീയതി തുടങ്ങിയ വിവരങ്ങൾ കൂടി ഉൾപ്പെടുത്തുവാൻ ബന്ധപ്പെട്ട രേഖകൾ സഹിതം എക്സൈസ് ഇൻസ്പെക്ടർമാരായ സ/ശ്രീ. മനൂപ്.വി.പി , രഞ്ചിത്ത് കുമാർ, സാദിഖ്.എ, അരുൺ അശോക്, ഷാനവാസ്.യു, സുധാകരൻ.കെ, ജി.ആർ.അനിൽകുമാർ, സിന്ധുകുമാർ.വി.എസ്, വിഷ്ണു.ബി, സുനിൽകുമാർ.സി.എസ്, അജയകുമാർ.എൻ.ജി തുടങ്ങിയവർ അപേക്ഷിക്കുകയും ആയത് സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. അതോടൊപ്പം മേൽ പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിനെതിരെ താഴെ പറയുന്ന ജീവനക്കാർ പരാതി സമർപ്പിക്കുകയും, പരാതിക്കാരെ 18.05.2022-ൽ നേരിൽ കേൾക്കുകയുണ്ടായി.

2) എക്സൈസ് ഇൻസ്പെക്ടർമാരായ സ/ ശ്രീ. ജയകുമാർ.എം, ഷമീർ.എം, പ്രശാന്ത് ജി, സന്തോഷ് കുമാർ എൻ. വി, ബെന്നി ജോർജ്ജ്, ജി. ഉദയകുമാർ, രാഗേഷ് ബി. ചിറയത്ത്, അനീർഷാ. എസ്സ്, ആർ. മോഹൻ കുമാർ എന്നിവർ സമർപ്പിച്ച പരാതിയിൽ ടിയാന്മാർ എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ നേരിട്ട് നിയമനം ലഭിച്ച് സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളതും, എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ ടിയാന്മാർ ജോലിയിൽ പ്രവേശിക്കുമ്പോൾ പ്രസ്തുത സമയത്ത് താൽക്കാലികമായി എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ തുടർന്ന് വന്നിരുന്ന ജീവനക്കാരെ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് ടി തസ്തികയിൽ നിലനിർത്തിയെന്നും, നിലവിലെ ലിസ്റ്റിൽ താൽക്കാലികമായി സ്ഥാനകയറ്റം ലഭിച്ച ജീവനക്കാർക്ക് പരാതിക്കാരുടെ മുകളിൽ സ്ഥാനം നൽകിയ നടപടി പുനഃപരിശോധിക്കണമെന്നും, അതോടൊപ്പം ശ്രീ. അനിൽകുമാർ.എസ്.പി സമർപ്പിച്ച പരാതിയിൽ ടി സീനിയോറിറ്റി ലിസ്റ്റ് കാലയളവിൽ 6 സ്ഥാനക്കയറ്റ ഒഴിവുകൾ Occurrence of Vacancy ആയി പരിഗണിച്ചിട്ടില്ലായെന്നും ആയത് കൂടി ഉൾപ്പെടുത്തി ടി

ലിസ്റ്റ് പുനഃപരിശോധിക്കണമെന്നും, എക്സൈസ് ഇൻസ്പെക്ടറായ ശ്രീ. എസ് രാധാകൃഷ്ണൻ, സമർപ്പിച്ച പരാതിയിൽ ടിയാന് പ്രിവന്റിവ് ഓഫീസർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച തീയതി കണക്കാക്കി ടി ലിസ്റ്റിൽ സ്ഥാനം ക്രമീകരിച്ച് നൽകണമെന്നും, അതോടൊപ്പം എക്സൈസ് ഇൻസ്പെക്ടർമാരായ സ/ശ്രീ. വി ജി സുനിൽകുമാർ, ജി മോഹൻ കുമാർ, അജയകുമാർ എ. കെ, ടി. വി രാമചന്ദ്രൻ, പ്രസന്നകുമാർ.വി.വി, എസ്.മധു എന്നിവർ സമർപ്പിച്ച പരാതിയിൽ ടിയാന്മാർക്ക് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ ലഭിച്ച സ്ഥാനക്കയറ്റം ക്രമീകരിച്ച് നേരിട്ട് നിയമനം ലഭിച്ച എക്സൈസ് ഇൻസ്പെക്ടർമാരുടെ മുൻപിൽ സീനിയോറിറ്റി നൽകണമെന്നും, ആവശ്യപ്പെടുകയുണ്ടായി. അതോടൊപ്പം ശ്രീ.ബിനു ഗോപാലിന് നിയമനം ലഭിച്ച് 90 ദിവസം കഴിഞ്ഞ് സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളതിനാൽ ടിയാന്റെ സീനിയോറിറ്റി പുനപരിശോധിക്കണമെന്നും, കൂടാതെ എക്സൈസ് ഇൻസ്പെക്ടറായ ശ്രീ. സി എച്ച് ഹരികുമാർ സമർപ്പിച്ച പരാതിയിൽ ടിയാന് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലെ സീനിയോറിറ്റി ക്രമീകരിച്ച് നൽകിയെന്നും ആയതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലെ സീനിയോറിറ്റിയും പുനഃക്രമീകരിച്ച് നൽകണമെന്നും, ആവശ്യപ്പെടുകയുണ്ടായി.

മേൽ പരാതികൾ വിശദമായി പരിശോധിച്ചതിൽ പരാതിക്കാരായ ശ്രീ.ജയകുമാർ മുതൽപേർ പി എസ് സി മുഖേന നേരിട്ട് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ സർവ്വീസിൽ പ്രവേശിക്കുകയും ട്രയിനിംഗ് കഴിഞ്ഞ് വകുപ്പിൽ ജോലിയിൽ പ്രവേശിക്കുമ്പോൾ എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ ഒഴിവില്ലാത്തതിനാൽ എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റം ലഭിച്ച എക്സൈസ് ഇൻസ്പെക്ടർമാരെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിലനിർത്തിയതായി കാണാവുന്നതാണ്. 01.01.2011 വരെയുള്ള കാലയളവിലെ എക്സൈസ് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയപ്പോൾ Cadre strength (1:1) ക്രമീകരിക്കുന്നതിനുവേണ്ടി ടി വർഷം പെൻഷൻ ഏകീകരണം നിലവിലുണ്ടായിരുന്നതിനാൽ 31.03.2011 -ൽ വിരമിക്കലിലൂടെ ഉണ്ടാകുന്ന 21 ഒഴിവുകൾ 28.09.2010, 17.02.2011 തീയതികളിലായി മുൻകൂട്ടി പി എസ് സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതായി കാണുന്നു. ടി 21 ഒഴിവുകളും നിലവിലെ ലിസ്റ്റ് കാലയളവിൽ മാത്രമേ ഉണ്ടാകുന്നുള്ളൂ. ആയതിനാൽ 31.03.2011 ൽ ഉണ്ടാകുന്ന 21 വിരമിക്കൽ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി പി എസ് സി-ക്ക് മുൻകൂർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ടി 21 ഒഴിവുകൾ നിലവിലെ ലിസ്റ്റിൽ Occurrence of Vacancy -യിൽ നിന്നും ഒഴിവാക്കിയും, നിലവിലെ ലിസ്റ്റ് കാലയളവിൽ 6 എക്സൈസ് ഇൻസ്പെക്ടർമാർ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നേടിയപ്പോൾ ഉണ്ടായ Occurrence of Vacancy കൂടി ഉൾപ്പെടുത്തിയും, KS&SSR ഭാഗം II, ചട്ടം 31(a)(i) പ്രകാരം ഒരു തസ്തികയിൽ താൽക്കാലിക ഉദ്യോഗക്കയറ്റം ലഭിച്ചയാൾക്ക് താൽക്കാലിക ഉദ്യോഗക്കയറ്റം ലഭിച്ച കാരണത്താൽ ഭാവിയിൽ പ്രസ്തുത തസ്തികയിലേക്ക് റഗുലർ ഉദ്യോഗക്കയറ്റം സംബന്ധിച്ച് അവകാശവാദമുന്നയിക്കുവാൻ